**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1627** **28-07-2021 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വീട്ടിലടയ്ക്കപ്പെട്ട രീതിയിൽ കുട്ടികളുടെ ലോകം വല്ലാതെ ചുരുങ്ങിയിരിക്കുന്ന കോവിഡ് കാലത്ത് കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് വനിതാ ശിശുക്ഷേമവകുപ്പ് മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകാമോ? | (എ) | കോവീഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കുട്ടികളുടെ മാനസികോല്ലാസം വർദ്ധിപ്പിക്കുന്ന-തിനായും അവരുടെ സമയം ക്രിയാത്മകമായി പ്രയോജനപ്പെടുത്തു-ന്നതിനുമായും ഇ-ക്ലട്ടം മൺസൂൺ ക്യാമ്പുകൾ സംസ്ഥാന ജില്ലാതലത്തിലും അതോടൊപ്പം കുട്ടികളുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനായി വിവിധ മത്സരങ്ങൾ ' സർഗ്ഗവസന്തം ' എന്ന പേരിൽ സംഘടിപ്പിച്ചു വരുന്നു. കൂടാതെ വകുപ്പിനു കീഴിലുള്ള ഔവർ റെസ്പോൺസിബിലിറ്റി ടൂ ചിൽഡ്രൻ (ഓ.ആർ.സി) പദ്ധതി കുട്ടികൾ കൂട്ടുകാരിലേയ്ക്ക് എന്ന ലക്ഷ്യത്തിലൂന്നി കുട്ടി ഡെസ്ക് എന്ന ഫോൺ മുഖാന്തിരമുള്ള പരിപാടിയിലൂടെ കോവീഡ് 19 നുമായി ബന്ധപ്പെട്ട് കുട്ടികൾ പാലിയ്ക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് തെരെഞ്ഞെടുത്ത പരിശീലനം ലഭ്യമായ കുട്ടികളിലൂടെ മറ്റു കുട്ടികൾക്ക് നൽകി വരുന്നു. 2020 ഏപ്രിൽ മാസം മുതൽ കുട്ടി ഡെസ്ക് സംഘടിപ്പിച്ചു വരുന്നു. വകുപ്പിനു കീഴിലുള്ള ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസം പകർന്നു നൽകുന്നതിനായി SMART-1 ക്യാമ്പുകളും 356 ഓ.ആർ.സി സ്കൂളുകളിലെ കുട്ടികൾക്കായി സ്കൂൾ അധികൃതരുടെ സഹായത്തോടെ വിവിധ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് പ്രത്യേകം തയ്യാറാക്കിയ മോഡ്യൂൾ പ്രകാരം ഡിജിറ്റൽ SMART- 40ക്യാമ്പുകൾ 2021 ആഗസ്റ്റ് മാസത്തോടു കൂടി സംഘടിപ്പിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ശരണബാല്യം പദ്ധതിയുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് പോസ്റ്റർ മത്സരങ്ങളും ഓൺലൈൻ കരിയർ ഗൈഡൻസും വായനാകുറിപ്പ് മത്സരങ്ങളും കിനാക്കൂട്ടം എന്ന പ്രോഗ്രാമുകളും ബാലവകാശങ്ങളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിയ്ക്കുന്നതിനായി വിവിധ ഇനം വെബിനാറുകളും സംഘടിപ്പിച്ചു. |

സെക്ഷൻ ഓഫീസർ